D 123831 (Pages : 10) Name.....................................

Reg. No..................................

# CALICUT UNIVERSITY CENTRALIZED ENTRANCE TEST (CU-CET) APRIL 2025

M.A. MALAYALAM LANGUAGE AND LITERATURE

Time : Two Hours Maximum : 100 Marks

## Part A

താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.

1. എനിക്കാവതില്ലേ പൂക്കാതിരിക്കാൻ

   എനിക്കാവതില്ലേ കണിക്കൊന്നയല്ലേ

   വിഷുക്കാലമല്ലേ പൂക്കാതിരിക്കാൻ—ആരുടെ വരികൾ ?

   (a) ഒ.എൻ.വി. കുറുപ്പ്. (b) സുഗതകുമാരി.

   (c) അയ്യപ്പപ്പണിക്കർ. (d) എം. ഗോവിന്ദൻ.

2. തുടുവെള്ളാമ്പൽപ്പൊയ്കയല്ല, ജീവിതത്തിന്റെ

   കടലേ കവിതയ്ക്ക ഞങ്ങൾക്കു മഷിപ്പാത്രം—ആരുടെ വരികൾ ?

   (a) പുനലൂർ ബാലൻ. (b) പി. കുഞ്ഞിരാമൻനായർ.

   (c) ഒളപ്പമണ്ണ. (d) വൈലോപ്പിള്ളി.

3. കവിതയുടെ ജീവചരിത്രം—ആരുടെ കൃതിയാണ് ?

   (a) കല്പറ്റ നാരായണൻ. (b) വീരാൻകുട്ടി.

   (c) ആഷാ മേനോൻ. (d) കെ.എം. നരേന്ദ്രൻ.

4. ഒരു കണ്ണീർക്കണം മറ്റുള്ളവർക്കായ് ഞാൻ പൊഴിക്കവേ

   ഉദിക്കയാണെന്നാത്മാവിലായിരം സൗരമണ്ഡലം

   ഒരു പുഞ്ചിരി ഞാൻ മറ്റുള്ളവർക്കായ്ച്ചെലവാക്കവേ

   ഹൃദയത്തിലുലാവുന്നു നിത്യനിർമ്മല പൗനർണ്ണമി—ആരുടെ വരികൾ ?

   (a) വയലാർ. (b) കുഞ്ഞപ്പ പട്ടാനൂർ.

   (c) അക്കിത്തം. (d) കാവാലം നാരായണപ്പണിക്കർ.

5. എന്തിനു ഭാരതധരേ ! കരയുന്നു ? പാര-

തന്ത്രം നിനക്ക് വിധികല്പിതമാണ് തായേ—ആരുടെ വരികൾ ?

(a) ബോദേശ്വരൻ.

(b) പി. കുഞ്ഞിരാമൻനായർ.

(c) കുമാരനാശാൻ.

(d) വള്ളത്തോൾ.

6. അരുത്, തീക്ഷ്ണമാം മിഴികൾ, ശാസന

പുളയുന്നു, ദേഹമെരിയുമ്പോൾ തോളി-

ലിടിഞ്ഞു താഴുന്നെന്നഭിമാനം, ശബ്ദ-

മുയരാതുള്ളിൽ ഞാൻ മുരളുന്നിങ്ങനെ

ഭയമാണങ്ങയെ—ആരുടെ വരികൾ ?

(a) അൻവർ അലി. (b) അനിത തമ്പി.

(c) ബാലചന്ദ്രൻ ചുള്ളിക്കാട്. (d) വിജയലക്ഷ്മി.

7. ഞാനുണ്ടായിട്ടും താലിയറുത്ത കെട്ടിയോൾ

എന്റെ കുട്ടികൾ; വിശപ്പ് എന്ന നോകുകുത്തികൾ

ഇന്നത്താഴം ഇതുകൊണ്ടാവാം—ആരുടെ വരികൾ ?

(a) ആലംകോട് ലീലാകൃഷ്ണൻ.

(b) എ. അയ്യപ്പൻ.

(c) ദേശമംഗലം രാമകൃഷ്ണൻ.

(d) എസ്. ജോസഫ്.

8. പിറക്കാതിരുന്നെങ്കിൽ

പാരിൽ നാം സ്നേഹിക്കുവാൻ

വെറുക്കാൻ, തമ്മിൽക്കണ്ടു

മുട്ടാതെയിരുന്നെങ്കിൽ—ആരുടെ വരികൾ

(a) കെടാമംഗലം പപ്പുകുട്ടി. (b) ജി. ശങ്കരക്കുറുപ്പ്.

(c) വൈലോപ്പിള്ളി. (d) ഡി. വിനയചന്ദ്രൻ.

9. ഇമ്മിണി ബല്യ ഒന്ന് എന്ന പ്രയോഗം ഏത് കൃതിയിലാണുള്ളത് ?

(a) മുരുകൻ എന്ന പാമ്പാട്ടി.

(b) ബാല്യകാല്യസഖി.

(c) പ്രഭാതം മുതൽ പ്രഭാതം വരെ.

(d) ആർക്കും വേണ്ടാത്ത കണ്ണ്.

10. ഇതു കർമ്മപരമ്പരയുടെ സ്നേഹരഹിതമായ കഥയാണ്. ഇതിൽ അകൽച്ചയും ദു:ഖവും മാത്രമേയുള്ളു —ഏത് കൃതിയിലേതാണ് ഈ വരികൾ ?

(a) പാണ്ഡവപുരം.

(b) നക്ഷത്രങ്ങളുടെ തടവറ.

(c) ഖസാക്കിന്റെ ഇതിഹാസം.

(d) മാർത്താണ്ഡവർമ്മ.

11. കുഞ്ഞനന്തൻ മാസ്റ്റർ എം. മുകുന്ദന്റെ ഏത് നോവലിലെ കഥാപാത്രമാണ് ?

(a) മയ്യഴിപ്പുഴയുടെ തീരങ്ങളിൽ.

(b) ഹരിദ്വാറിൽ മണികൾ മുഴങ്ങുന്നു.

(c) ആവിലായിലെ സൂര്യോദയം.

(d) കടനന്നാകുന്ന ചോയി.

12. ഇംഗ്ലീഷ് പഠിക്കാനായി മദിരാശിയിലേക്ക് കൊണ്ടുപോകാൻ മാധവൻ നിർദ്ദേശിച്ച ഇന്ദുലേഖയിലെ കഥാപാത്രം ?

(a) കറുത്തേടത്ത് നമ്പൂതിരി

(b) ചിന്നൻ

(c) ഇന്ദുലേഖ

(d) സൂരി നമ്പൂതിരിപ്പാട്

13. വൈക്കം മുഹമ്മദ് ബഷീറിന്റെ ശബ്ദങ്ങൾ പുരോഗമനസാഹിത്യമാണങ്കിൽ പൂരപ്പാട്ട് ബഗവദ്ഗീതയാണ്; ഞാൻ മഹാത്മാഗാന്ധിയും എന്നു പറഞ്ഞ നിരൂപകൻ ആരാണ് ?

(a) സുകുമാർ അഴീക്കോട്.

(b) കെ.പി. അപ്പൻ.

(c) തായാട്ട് ശങ്കരൻ.

(d) എസ്. ഗുപ്തൻനായർ.

14. പുനത്തിൽ കുഞ്ഞബ്ദുള്ളയും സേതുവും ചേർന്നെഴുതിയ നോവൽ ?

(a) അറബിപ്പൊന്ന്.

(b) നവഗ്രഹങ്ങളുടെ തടവറ.

(c) എണ്ണപ്പാടം.

(d) പാതിരാവും പകൽവെളിച്ചവും.

15. സൂസന്നയുടെ ഗ്രന്ഥപ്പുര എന്ന നോവലിന്റെ കർത്താവ് ?

(a) ജി.ആർ. ഇന്ദുഗോപൻ. (b) അജയ് പി മങ്ങാട്.

(c) എസ്. ഹരീഷ്. (d) ഇന്ദു മേനോൻ.

16. ആഗസ്റ്റ് 17 എന്ന നോവലിന്റെ കർത്താവ് ?

(a) ആർ. രാജശ്രീ. (b) ജിസ ജോസ്.

(c) എസ്. ഹരീഷ്. (d) ഷാഹിന ഇ.ക.

17. അമ്മ എന്നോടു പറഞ്ഞ നുണകൾ എന്ന ചെറുകഥയുടെ കർത്താവ് ?

(a) അഷിത

(b) കെ. സരസ്വതിയമ്മ

(c) ലളിതാംബിക അന്തർജ്ജനം.

(d) മാധവിക്കുട്ടി

18. വാർത്താളി-സൈബർ സ്പേസിൽ ഒരു പ്രണയനാടകം എന്ന ചെറുകഥയുടെ കർത്താവ് ?

(a) സക്കറിയ. (b) എൻ.എസ്. മാധവൻ.

(c) എം. നന്ദകുമാർ. (d) സാറ ജോസഫ്.

19. മൈസൂരു മല്ലിഗെ എന്ന ചെറുകഥയുടെ കർത്താവ് ?

(a) ആഷ് അഷിത (b) കെ. രേഖ.

(c) സിതാര എസ്. (d) പ്രിയ എ. എസ്.

20. ചുവടെ കൊടുത്തതിൽ പട്ടത്തുവിള കരുണാകരന്റേതല്ലാത്ത കൃതി ഏത് ?

(a) നട്ടെല്ലികളുടെ ജീവിതം. (b) ബുർഷ്വാ സ്നേഹിതൻ

(c) എലി. (d) മുനി.

21. തൂക്കുമരങ്ങൾ ഞങ്ങൾക്ക് എന്ന കൃതിയുടെ കർത്താവ് ?

(a) പി.കെ. നാണു.

(b) യു.പി. ജയരാജ്.

(c) എം. സുകുമാരൻ.

(d) ഇ.വി. ശ്രീധരൻ

22. സർക്കസ് പശ്ചാത്തലമായുള്ള എം.ടി. വാസുദേവൻനായരുടെ ചെറുകഥ ?

(a) നിന്റെ ഓർമ്മയ്ക്ക്.

(b) വളർത്തുമൃഗങ്ങൾ.

(c) ഇരുട്ടിന്റെ ആത്മാവ്

(d) അജ്ഞാതന്റെ ഉയരാത്ത സ്മാരകം

23. ഭാർഗ്ഗവീനിലയം എന്ന ചലച്ചിത്രത്തിന് ആധാരമായ ചെറുകഥ ?

(a) പാതിരാവും പകൽവെളിച്ചവും.

(b) നീലവെളിച്ചം.

(c) ചെകുത്താന്റെ വീട്.

(d) വീട് പണിയുന്നവർ.

24. ഹിഗ്വിറ്റ എന്ന കഥയിലെ പ്രതിനായകകഥാപാത്രം ?

(a) ഗീവർഗീസ്. (b) ജസ്റ്റിൻ.

(c) ജബ്ബാർ. (d) ഷാജി

25. ചെപ്പേട് എന്നാൽ

(a) കൺമഷി ഇട്ടുവക്കുന്ന പാത്രം.

(b) അധിക്ഷേപിക്കുക.

(c) ചെമ്പുതകിടിൽ എഴുതിയ ലിഖിതം.

(d) ഒരു പ്രാചീനനാണയം.

26. ഹോർത്തുസ് മലബാറിക്കസ് എന്നതിലെ ഹോർത്തുസ് എന്ന വാക്കിന്റെ അർത്ഥം ?

(a) പ്രഖ്യാപനം. (b) വാണിജ്യം.

(c) കാലാവസ്ഥ. (d) ഉദ്യാനം

27. ശ്രീനാരായണഗുരു അരുവിപ്പുറത്ത് ക്ഷേത്രപ്രതിഷ്ഠ നടത്തിയ വർഷം ?

(a) 1880.
(b) 1890.
(c) 1892.
(d) 1893.

28. കേരളത്തിൽ ആദ്യമായി കർഷകപണിമുടക്ക് സംഘടിപ്പിച്ചത്

(a) പി. കൃഷ്ണപിള്ള.

(b) അഖിലകേരള കർഷക സംഘം.

(c) അയ്യങ്കാളി.

(d) മലബാർ കർഷകസംഘം.

29. സ്വാതന്ത്ര്യസമരകാലത്ത് അണ്ടർഗ്രൗണ്ട് പത്രമായി പ്രസിദ്ധീകരിച്ചിരുന്ന സ്വതന്ത്രഭാരതത്തിന്റെ പത്രാധിപത്യം വഹിച്ച കവി ?

(a) പി. ഭാസ്കരൻ.

(b) എൻ.വി. കൃഷ്ണവാര്യർ.

(c) സുബ്രഹ്മണ്യൻ തിരുമുമ്പ്.

(d) ബോധേശ്വരൻ.

30. കാറൽ മാർക്സിന്റെയും മഹാത്മാഗാന്ധിയുടെയും ജീവചരിത്രം ആദ്യമായി മലയാളികൾക്ക് പരിചയപ്പെടുത്തിയത്.

(a) സി.പി അച്യുതമേനോൻ.

(b) സ്വദേശാഭിമാനി രാമകൃഷ്ണപിള്ള.

(c) ഇ.എം.എസ്. നമ്പൂതിരിപ്പാട് .

(d) കെ. ദാമോദരൻ.

31. ദലിതൻ എന്ന ആത്മകഥയുടെ കർത്താവ് ?

(a) അയ്യങ്കാളി
(b) എം. കുഞ്ഞാമൻ.
(c) സി. അയ്യപ്പൻ.
(d) കെ. കെ. കൊച്ച്.

32. സമീക്ഷ എന്ന മിനിമാഗസിനിന്റെ പത്രാധിപർ ?

(a) എം. ഗോവിന്ദൻ.
(b) എം.ടി. വാസുദേവൻനായർ.
(c) സച്ചിദാനന്ദൻ
(d) അയ്യപ്പപ്പണിക്കർ.

33. ചങ്ങമ്പുഴയെ മലയാളത്തിലെ ഓർഫ്യൂസ് എന്ന് വിശേഷിപ്പിച്ചത് ആര് ?

(a) എം. ലീലാവതി.
(b) സുഗതകുമാരി.
(c) കെ.പി. അപ്പൻ.
(d) അയ്യപ്പപ്പണിക്കർ.

34. പ്രരോദനം എന്ന വിലാപകാവ്യം ആരുടെ ദേഹവിയോഗത്തെത്തുടർന്ന് എഴുതിയതാണ് ?

(a) കേരളവർമ്മ വലിയ കോയിത്തമ്പുരാൻ.
(b) എ.ആർ. രാജരാജവർമ്മ.
(c) ശ്രീമൂലം തിരുന്നാൾ.
(d) കവിയുടെ പ്രിയതമ.

35. തനതുനാടകവേദി പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ?

(a) എൻ. കൃഷ്ണപിള്ള.
(b) സി.ജെ. തോമസ്.
(c) സി.എൻ. ശ്രീകണ്ഠൻനായർ.
(d) കെ.ടി. മുഹമ്മദ്.

36. പൈക്കിന്റോ എന്ന നിലവിളി ഏത് നാടകത്തിലേതാണ് ?

(a) സൃഷ്ടി.
(b) എനിക്ക് വിശക്കുന്നു.
(c) അവനവൻ കടമ്പ.
(d) നാടുഗദ്ദിക.

37. തിരുമ്പിവന്താൻ തമ്പി എന്ന നാടകത്തിന്റെ കർത്താവ് ?

(a) ജി. ശങ്കരപിള്ള.
(b) പി.ജെ. ആന്റണി.
(c) പുളിമാന പരമേശ്വരൻപിള്ള.
(d) സി.എൻ. ശ്രീകണ്ഠൻ നായർ.

38. കടുക്ക അഥവാ വിശക്കുന്നവന്റെ വേദാന്തം എന്ന നാടകത്തിന്റെ കർത്താവ് ?

(a) സതീഷ് കെ. സതീഷ്.
(b) സജിത മഠത്തിൽ.
(c) കെ.വി. ശ്രീജ.
(d) പി.എം. താജ്.

39. കറുപ്പിള്ളാക്കളരി ഏത് വിഭാഗത്തിൽപ്പെട്ട കൃതിയാണ് ?

(a) കായികവിദ്യ.

(b) മർമ്മചികിത്സ.

(c) വർത്തമാനകാലാരാഷ്ട്രീയം.

(d) പ്രഹസനം.

40. വിലാസിനി എന്ന തൂലികാനാമം ആരുടേതാണ് ?

(a) എം.കെ. മേനോൻ.

(b) വി.വി. അയ്യപ്പൻ.

(c) കെ.ഇ. മത്തായി.

(d) പി.സി. കുട്ടിക്കൃഷ്ണൻ.

41. ഇന്ദുഗോപം എന്ന വാക്കിന്റെ അർത്ഥം

(a) ചന്ദ്രനിൽ കാണുന്ന രൂപങ്ങൾ.

(b) പുകമഞ്ഞ്.

(c) മിന്നാമിനുങ്ങ്.

(d) നക്ഷത്രങ്ങൾ.

42. കുമാരനാശാന്റെ സർഗ്ഗജീവിതം ചിത്രീകരിക്കുന്ന കെ.പി. കുമാരൻ സംവിധാനം ചെയ്ത സിനിമ ഏത് ?

(a) കാട്ടിലെ പാട്ട്

(b) ഗ്രാമവൃക്ഷത്തിലെ കയിൽ.

(c) ആകാശഗോപുരം.

(d) അതിഥി.

43. മയൂഖം എന്ന വാക്കിന്റെ അർത്ഥം ?

(a) മയിൽ.

(b) മേഘം

(c) സൂര്യരശ്മി.

(d) ജലധാര.

44. രാജ്യസമാചാരം പ്രസിദ്ധീകരിച്ച സ്ഥലം.

(a) കോട്ടയം.

(b) കൊച്ചി.

(c) തലശ്ശേരി.

(d) സുൽത്താൻബത്തേരി.

45. പിപാസ എന്ന വാക്കിന്റെ അർത്ഥം ?

(a) പാട്ടുപാടുക.

(b) കുടിക്കുവാനുള്ള ആഗ്രഹം.

(c) വേദനിക്കുക.

(d) വിരഹദു:ഖം.

46. ഭാഷാലോകം എന്ന കൃതിയുടെ കർത്താവ് ?

(a) ടി.ബി. വേണുഗോപാലപ്പണിക്കർ. (b) പി.എം. ഗിരീഷ്.

(c) സി.ജെ. ജോർജ്ജ്. (d) എ.ആർ. രാജരാജവർമ്മ.

47. കൊഴിഞ്ഞ ഇവകൾ എന്ന കൃതി ഏത് സാഹിത്യജനുസ്സിൽ പെടുന്നു ?

(a) കവിത. (b) സസ്യശാസ്ത്രം

(c) സാഹിത്യനിരപണം. (d) ആത്മകഥ.

48. യസുനാരി കവാബത്തയുടെ House of the Sleeping Beauties ഏത് പേരിലാണ് മലയാളത്തിൽ വിവർ--ത്തനം ചെയ്യപ്പെട്ടത് ?

(a) സഹശയനം. (b) വിലാസലതിക.

(c) ഉറക്കത്തിതിന്റെ താഴ്വര. (d) ഇണങ്ങാത്ത കണ്ണികൾ.

49. രോഗം ഒരു കുറ്റമാണോ ഡോക്ടർ എന്ന ചോദ്യം ഉന്നയിക്കുന്ന തോപ്പിൽ ഭാസിയുടെ നാടകം ?

(a) തുലാഭാരം.

(b) സർവ്വേക്കല്ല്.

(c) പുതിയ ആകാശം പുതിയ ഭൂമി.

(d) അശ്വമേധം.

50. വിജയിച്ച പ്രണയം കുടുബകലഹമായും പരാജയപ്പെട്ട പ്രണയം കവിതയായും മാറുന്നു എന്ന് നിരീക്ഷിച്ച നിരൂപകൻ ?

(a) വി. രാജകൃഷ്ണൻ. (b) എം. എൻ. വിജയൻ.

(c) സുകുമാർ അഴീക്കോട്. (d) കല്പറ്റ നാരായണൻ.

(50 × 1 = 50 marks)

## Part B

ഓരോ ചോദ്യത്തിനും **മൂന്ന്** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

51. സാഹിത്യകൃതിയുടെ അനുകല്പനമായി നിർമ്മിക്കപ്പെട്ട അഞ്ച് ചലച്ചിത്രങ്ങൾ പരിചയപ്പെടുത്തുക.

**അല്ലെങ്കിൽ**

ചലച്ചിത്രം സംവിധായകന്റെ കലയാണ് എന്ന വാദം ഡിജിറ്റൽ സാങ്കേതികവിദ്യയുടെ കാലത്ത് പ്രസക്തമാണോ ?

52. മലയാളനാടക ചരിത്രത്തിലെ നാഴികക്കല്ലുകളായി കണക്കാക്കാവുന്ന അഞ്ച് നാടകങ്ങൾ പരിചയപ്പെടുത്തുക.

**അല്ലെങ്കിൽ**

ഒരു കലാരൂപം എന്ന നിലയിൽ ഡിജിറ്റൽ കാലഘട്ടതിതിൽ നാടകം നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് പ്രതിപാദിക്കുക.

53. സാഹിത്യപഠനം സർവ്വകലാശാലാതലത്തിൽ തുടരേണ്ടതുണ്ടോ ?

**അല്ലെങ്കിൽ**

നിർമ്മിതബുദ്ധി ഉപകരണങ്ങൾ മനുഷ്യന്റെ സർഗ്ഗാത്മകതയെ മറികടക്കുമോ ?

54. യുവജനങ്ങൾക്കിടയിൽ ലഹരി വ്യാപിക്കുന്നതിന്റെ കാരണങ്ങൾ എന്തൊക്കയാണ് ?

**അല്ലെങ്കിൽ**

ആധുനികതയുടെ കാലത്ത് മലയാളസാഹിത്യത്തിൽ പ്രകടമായ ദാർശനികത സമകാലികസാഹിത്യത്തിൽ പ്രകടമാണോ ?

55. മലയാളലിപിയുടെ പരിഷ്കരണം, മാനകീകരണം എന്നിവയ്ക്കായി നടന്ന പരിശ്രമങ്ങൾ പരിചയപ്പെടുത്തുക.

**അല്ലെങ്കിൽ**

ഡിജിറ്റൽ ഉപകരണങ്ങളിൽ മലയാളത്തിന്റെ പ്രയോഗസാദ്ധ്യത വിവരിക്കുക.

(5 × 10 = 50 marks)